## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.27 | 04.02.2013 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ആവാസ സാഹചര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ)വനപ്രദേശത്തോട് ചേർന്ന് ജീവിതം നയിക്കുന്ന മനുഷ്യന് വനത്തിനുള്ളിലെ വന്യമൃഗങ്ങളിൽ നിന്നും നേരിടേണ്ടിവരുന്ന കഷ്ടനഷ്ടങ്ങൾ വർദ്ധിച്ചുവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി)വന്യമൃഗങ്ങളെ വനത്തിനുള്ളിൽതന്നെ ഒതുക്കി നിർത്തുന്നതിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് വിദഗ്ധരുടെ അഭിപ്രായരൂപീകരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) വനം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള വർക്ക്ഷോപ്പുകൾ, ചർച്ചകൾ എന്നിവയിലൂടെ വിദഗ്ധരുടെ അഭിപ്രായരൂപീകരണം നടത്തിയിട്ടുണ്ട്. കാട്ടിനുള്ളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി കുളം, തടയണ എന്നിവയുടെ നിർമ്മാണവും വൃത്തിയാക്കലും, ഫലവൃക്ഷ തൈകൾ വച്ചു പിടിപ്പിക്കൽ, കാട്ടുമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നത് തടയുന്നതിനായി സോളാർ ഫെൻസിംഗ്, ട്രഞ്ച് നിർമ്മാണം, മതിൽ നിർമ്മാണം എന്നിവയും, നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേയ്ക്ക് വിടുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി മേഖലാടിസ്ഥാനത്തിൽ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ രൂപീകരണവും ഇത്തരത്തിലുള്ള അഭിപ്രായ രൂപീകരണത്തിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങളാണ്. |

(സി)വന്യമൃഗങ്ങളുടെ സ്വൈരജീവിത-
ത്തിനനുയോജ്യ സാഹചര്യങ്ങൾ
നിലനിർത്തുന്ന കാര്യത്തിൽ കാടിനോട്
ചേർന്നും, കാടിനുള്ളിലും ജീവിക്കുന്ന
മനുഷ്യരിൽ അവബോധം
സൃഷ്ടിക്കുന്നതിനും വന്യജീവികൾ
മുഖേനയുണ്ടാകുന്ന കഷ്ട നഷ്ടങ്ങളിൽ
നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനും,
ആവശ്യമായ നടപടികൾ
സ്വീകരിക്കുമോ?

(സി) ഉചിതമായ നടപടികൾ ഇക്കാര്യത്തിൽ
സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.